

കേരള സർക്കാർ

നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്

2017-2018

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/ഇ.കെ.എം.(പി7)153/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കാക്കനാട്, എറണാകുളം
ഫോൺ – 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി :19.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെല്ലിക്കുഴി ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം:- നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്- 2017 - 18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്

.

നം.കെ.എസ്.എ/ഇ.കെ.എം.(പി7)153/2019

തീയതി 19.03.2019

എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.04.2017 മുതൽ 31.3.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മാത്രമേ മറുപടി ലഭ്യമാക്കിയുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും	ജയ.സി.ആർ., ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം	ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും
19.01.2019മുതൽ 31.01.2019 വരെ	ശ്രീ.സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ. ശ്രീ.ഷെഫീക്ക്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ. ശ്രീ.സന്തോഷ് കുമാർ.എം, ഓഡിറ്റർ(ഹ.ഗ്രേ).

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

1	ശ്രീമതി.രഞ്ചിനി രവി	01.04.2017 മുതൽ 31.03.2018 വരെ

2) സെക്രട്ടറി

1.	ശ്രീ. ടി.കെ.വറുഗീസ്	01.04.2017 മുതൽ 31.07.2017 വരെ
2.	ശ്രീ.ടി.പി.മേരി ദാസൻ (ഇൻ ചാർജ്ജ്)	01.08.17 മുതൽ 07.08.17 വരെ
3.	ശ്രീ.എസ് മനോജ്	08.08.17മുതൽ 31.03.2018വരെ

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

1	ധനകാര്യം	എ ആർ വിനയൻ	01.04.2017മുതൽ 31.03.2018 വരെ
2	വികസന കാര്യം	മുദുല ജനാർദ്ദനൻ	01.04.2017മുതൽ 31.03.2018 വരെ
3	ക്ഷേമകാര്യം	സഹീർ കോട്ടപ്പറമ്പിൽ	01.04.2017മുതൽ 31.03.2018 വരെ
4	ആരോഗ്യ / വിദ്യാഭ്യാസ കാര്യം	താഹിറ സുധീർ	01.04.2017മുതൽ 31.03.2018 വരെ

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

1	കൃഷി ഓഫീസർ	ശ്രീമതി.നിജമോൾ.പി.എ	01.04.2017മുതൽ 31.03.2018വരെ
2	വെറ്ററിനറി സർജൻ	ശ്രീമതി.സീന. എൻ.എസ്	01.04.2017മുതൽ 31.03.18 വരെ
3	ഐ.സി.ഡി.എസ് സൂപ്പർവൈസർ	ശ്രീമതി.സിസിലി കുരുവിള	01.04.2017മുതൽ 31.03.18 വരെ
4	വി.ഇ.ഒ, നെല്ലിക്കുഴി	ശ്രീ. ബിനു.കെ.എൻ	01.04.2017മുതൽ 31.03 2018വരെ
	വി.ഇ.ഒ, ചെറുവട്ടൂർ സർക്കിൾ	ശ്രീ. സജികുമാർ. എസ്	01.04.2017മുതൽ 31.03 2018വരെ
5	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	ഡോ.ബിജു വർഗ്ഗീസ്.ടി	01.04.2017മുതൽ 01.07.17 വരെ
		ഡോ.അഭിനി	02.07.17 മുതൽ 31.03.2018വരെ
6	മെഡിക്കൽ ഓഫീസർ,	ഡോ.ശുഭ.കെ.പി	01.04.2017മുതൽ 31.03.18വരെ

	ആയുർവ്വേദം		
7	മെഡിക്കൽ ഓഫീസർ, ഹോമിയോ	ഡോ.ബിൻസി	01.04.17മുതൽ 09.06.17 വരെ
		ഡോ.വിഭ റോസ്മിജോൺ	10.06.17മുതൽ 31.03.18വരെ
8	ഹെഡ് മാസ്റ്റർ	ശ്രീമതി. സനിലകുമാരി	01.04.2017മുതൽ 31.03.2018വരെ
9	അസി. എഞ്ചിനീയർ	ശ്രീ.സുരേഷ് കുമാർ. പി.എസ്	01.04.2017മുതൽ 27.09.2017വരെ
		ശ്രീമതി.ജെസ്ന.കെ.മുഹമ്മദ്	28.9.17 മുതൽ 31.3.18 വരെ
10	അസിസ്റ്റന്റ് സെക്രട്ടറി	ശ്രീ.ടി.വി. ആനന്ദൻ	01.04.2017മുതൽ 04.08.2017വരെ
		മേരിദാസൻ.ടി.പി	05.08.2017മുതൽ 31.3.2018വരെ

.

ഉള്ളടക്കം

ക്രമ നം.	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക.	1-2
3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.	1-3
4	സാമ്പത്തിക വിശകലനം	1-4
5	ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)	1-5
6	പദ്ധതി അവലോകനം.	1-6
7	തൊഴിലുറപ്പ് പദ്ധതി	1-7
8	ക്ഷേമപദ്ധതികൾ	1-8
9	ക്യാഷ് വെരിഫിക്കേഷൻ	1-9
10	ആഭ്യന്തരനിയന്ത്രണം.	1-10
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11
12	വാർഷിക കണക്കിലെ അപാകതകൾ	1-12
	ഭാഗം 2	
13	വസ്തു നികുതി ഈടാക്കിയതിൽ കുറവ്	2-1
14	തൊഴിൽ നികുതി-അപാകതകൾ	2-2
15	വസ്തുനികുതി നിർണ്ണയം- അപാകതകൾ	2-3
16	അങ്ൻ-എയ്ഡഡ് സ്കൂൾ കെട്ടിടങ്ങൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല	2-4

	ഭാഗം 3	
17	മഴക്കാലപൂർവ്വ ശുചീകരണം- ചെലവ് രേഖകൾ ഹാജരാക്കിയില്ല	3-1
18	ചെലവുരേഖകൾ ഹാജരാക്കിയില്ല, മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കിയില്ല	3-2
19	ടെക്നിക്കൽ അസിസ്റ്റന്റിന് ലീവ് എൻക്യാഷ് മെന്റ് ഇനത്തിൽ അധിക തുക നൽകി	3-3
20	രേഖകൾ ഹാജരാക്കിയില്ല	3-4
21	മരാമത്ത് പ്രവൃത്തികൾ നടത്തിപ്പിലെ അപാകതകൾ	3-5
22	എൽ.ഇ.ഡി. സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ	3-6
23	പ്രൈസ് സോഫ്റ്റ്വെയർ ഉപയോഗിച്ച് നിരക്ക് നിശ്ചയിച്ചതിലെ അപാകതമൂലം ഉയർന്ന നിരക്ക് നൽകി	3-7
24	ടാറിംഗ് പ്രവൃത്തികളിൽ കാലിവീപ്പയുടെ വില ഈടാക്കുമ്പോൾ ജി.എസ്.ടി ഈടാക്കുന്നില്ല	3-8
25	പദ്ധതിച്ചെലവുകൾ പൂർണ്ണമായും സാംഖ്യ പ്രകാരമുള്ള ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല	3-9
26	സെന്റേജ് ചാർജ് അധികം നൽകി	3-10
27	ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല	3-11
28	ഐ.കെ.എം-ന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ-അപാകതകൾ.	3-12
29	ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ വിവരം ലഭ്യമാക്കിയില്ല	3-13
30	മൊബൈൽ ഗ്യാസ് ക്രിമറ്റോറിയം സമുദായ സംഘടനയ്ക്ക് നൽകിയത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം	3-14
31	കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് ഈടാക്കുന്നില്ല	3-15
32	തനത് ഫണ്ട് -ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു	3-16
33	സാംസ്കാരിക നിലയം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.	3-17
	ഭാഗം 4	
34	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1

35	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ	4-2
36	മൊബിലൈസേഷൻ അഡ്വാൻസ്	4-3
37	വായ്പ / വായ്പ തിരിച്ചടവ്	4-4
38	സ്ഥിര നിക്ഷേപങ്ങൾ	4-5
39	ഓഡിറ്റ് റിക്കവറി	4-6
40	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.	4-7
41	ചാർജ് സർചാർജ് നടപടികളുടെ വിവരം	4-8
42	ഓഡിറ്റ് പ്രത്യവലോകനം	4-9
43	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-10
44	ഓഡിറ്റ് സാക്ഷ്യപത്രം	അനുബന്ധം-1
45	റെസീപ്റ്റ് & പേയ്മെന്റ് പത്രിക	അനുബന്ധം-2
	ബാലൻസ് ഷീറ്റ്	
	ഇൻകം & എക്സ്പെൻഡിച്ചർ പത്രിക	

.

ഭാഗം -1

പൊതു അവലോകനം

പൊതു അവലോകനം

1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27/03/2017ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

	വരവ്	ചെലവ്
ബജറ്റ് പ്രകാരം	227889000	224624000
വാർഷിക കണക്ക് പ്രകാരം	90420067	96780935

.

1-2 വാർഷിക ധനകാര്യപത്രിക

വർഷം	ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
2017-18	31.7.2018	14.06.2018

.

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി

2017-18	29.6.18, 30.6.18	കെ.എസ്.എ-ഇ.കെ.എം(പിജി) 1786/(54)/18/ 30.8.2018.

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	13683905.00
വരവ്	90420067.00
ആകെ	104103972.00
ചെലവ്	96780935.00
നീക്കിയിരിപ്പ്	7323037.00

1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

ഫണ്ടിനം		മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	ചെലവ് ശതമാനം	നീക്കി ബാക്കി
വികസനഫണ്ട് (ജനറൽ)		00	20386867	20386867	19869675	97.46	00
വികസന ഫണ്ട് (എസ്.സി.പി)		00	4349342	4349342	3579716	82.30	00
വികസന ഫണ്ട് (റ്റി.എസ്.പി)		00	26989	26989	16463	60.99	00
സംരക്ഷണഗ്രാന്റ് (റോഡ്)		00	12362000	12362000	12156393	98.33	00
സംരക്ഷണഗ്രാന്റ് (റോഡിതരം)		00	4459950	4459950	4175955	93.63	00
13-ാം ധനകാര്യ കമ്മീഷൻ അവാർഡ്		00	9287414	9287414	9287002	99.99	00
പെർഫോമൻസ് ഗ്രാന്റ്		00	2066238	2066238	1691269	81.85	00
ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി		21439	1031918	1053357	1030107	97.79	23250
ട്രഷറി ടി.എസ്.ബി. (ജനറൽ പർപ്പസ്)		2458108	12732000	15190108	19278698	126.91	-4088590
ദുരിതാശ്വാസനിധി		118404	107550	225954	8100	3.58	217854
ട്രഷറി ടി.എസ്.ബി. ജോയിന്റ് വെഞ്ചർ	ബ്ലോക്ക് പഞ്ചായത്ത്	960513	3579542	4540055	4414542	97.23	125513
	ജില്ലാ പഞ്ചായത്ത്	1031135	825000	1856135	951000	51.23	905135
കേന്ദ്രാവിഷ്കൃത ഫണ്ട് (ICDS)		1484389	1458626	2940015	1774989	60.37	1165026
ടോട്ടൽ സാനിട്ടേഷൻ		377400	00	377400	377400	100	00
ശുചിത്വമിഷൻ		696000	331710	1027710	1006410	97.92	21300
സാക്ഷരത		157800	00	157800	57800	36.62	100000
പൈക്ക		4000	00	4000	00	00	4000
എൻ.പി.ആർ.പി.ഡി		169206	233968	403174	273574	67.85	129600
എസ്.ജി.എസ്.വൈ.		1492	00	1492	00	00	1492
എസ്.എസ്.എ.		299	00	299	00	00	299
എം.പി.ലാഡ്സ്		242	00	242	00	00	242
ബി. ഫണ്ട്**		00	798360	798360	798360	100	00
തനത് ഫണ്ട് സഹകരണബാങ്ക് (മിസലേനിയസ്)		1161319	233968	1395287	00	00	1395287

സഹകരണബാങ്ക് 281/01	797410	17858538	18655948	15117066	81.03	3538882
എസ്.ബി.ഐ.	3908244	00	3908244	576905	14.76	3331339
ഇ-പേയ്മെന്റ്	00	54882	54882	00	00	54882

** റെസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ പ്രകാരമുള്ള വരവ് മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചത്-ശതമാനം
237	108563110	165	60650639	58	24	70

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

1-7 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരുപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	21439	1031918	1053357	1030107	23250
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	00	15503651	15503651	15503651	00
ആകെ	21439	16535569	16557008	16533758	23250

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	78360	153
കർഷകതൊഴിലാളി പെൻഷൻ	5853200	1991
വിധവാപെൻഷൻ	15177100	4836
വാർദ്ധക്യകാലപെൻഷൻ	30549600	8019
വികലാംഗപെൻഷൻ	7261300	2328
വിവാഹധനസഹായം	660000	22
50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	275200	85

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.1.2019ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27648/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

2.ഫ്രെണ്ട് ഓഫീസ് ഡയറി എഴുതി സൂക്ഷിക്കുന്നില്ല.

3.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ സൂചിക സോഫ്റ്റ്വെയറിൽ നിന്നും പ്രസ്തുതഭാഗത്തിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

4. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

5. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

6. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

8. കാലഹരണപ്പെട്തും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

9. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	17.1.19	11/2018-12/18	ലഭിച്ചില്ല.

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്	16.11.2017 മുതൽ 27.11.18 വരെ	2013-14 മുതൽ 2017-18 വരെ	31.12.2018

1-12 വാർഷിക കണക്കിലെ അപാകതകൾ

കെ.എസ്.എ-ഇ.കെ.എം(പിജി)1786/(36)/18/30.8.2018 നമ്പരായുള്ള ഓഡിറ്റ് സാക്ഷ്യപത്രത്തിൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
കൂടാതെ സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിൽ, ട്രഷറി അക്കൗണ്ടിൽ ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് ലഭിച്ച തുകയിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 4 പ്രകാരം നീക്കിബാക്കിയായി രേഖപ്പെടുത്തിയിട്ടുള്ളതിനേക്കാൾ 132890രൂപ നീക്കിബാക്കി കാണിക്കുന്നുണ്ട്. ഇത് ഏത് ഫണ്ടാണെന്നത് വിശദമാക്കേണ്ടതാണ്. അതുപോലെ കേരള വാട്ടർ അതോറിട്ടി, പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിഭാഗം എന്നിവിടങ്ങളിൽ ഡെപ്പോസിറ്റ് വർക്കിനായി മുൻകൂർ തുക കൈമാറിയിട്ടുണ്ടെങ്കിലും ആയതിന്റെ വിവരം അക്കൗണ്ട്സിൽ ഡെപ്പോസിറ്റ് വർക്ക് എന്ന ഭാഗത്ത് ഉൾപ്പെട്ടതായി കാണുന്നില്ല.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ഡി & ഒ ലൈസൻസ് ഫീ-അപാകതകൾ

1) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ഡി & ഒ ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ഡി & ഒ ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേർസ് ലിസ്റ്റ് പുതുക്കേണ്ടതും ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതുമാണ്.

(2) എല്ലാ ഡി & ഒ ലൈസൻസ് അപേക്ഷകളിലും ആവശ്യമായ എല്ലാ വിവരങ്ങളും ചേർക്കുന്നുണ്ടെന്നും സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, ദിവസ വരുമാനം/യന്ത്രസാമഗ്രികളുടെ കുതിര ശക്തി എന്നിവയുടെ സാധുത ഉറപ്പാക്കി ആയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പാർട്ട് പ്രകാരമാണ് ലൈസൻസ് ഫീ ഈടാക്കുന്നത് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

(3)പഞ്ചായത്ത് പരിധിയിൽ വാണിജ്യ ആവശ്യങ്ങൾക്കായി വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെയും ഡി & ഒ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളുടെയും എണ്ണത്തിൽ ഗണ്യമായ വ്യത്യാസം കാണുന്നു. പഞ്ചായത്ത് പരിധിയിൽ ഡി & ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നിയമങ്ങൾക്കും ചട്ടങ്ങൾക്കും എതിരാണ്. വാർഡ് തിരിച്ച് വിവിധ ഉപയോഗക്രമ പ്രകാരമുള്ള കെട്ടിടങ്ങളുടെ എണ്ണത്തിന്റെ ലിസ്റ്റ് തയ്യാറാക്കി നൽകേണ്ടതാണ്.

(4) ലൈസൻസ് ഫീ ചട്ടം അനുസരിച്ച് ഓരോ സ്ഥാപനത്തിന്റെയും ലൈസൻസ് ഫീ നിശ്ചയിക്കുന്നത് അവയുടെ ദിവസേനയുള്ള ശരാശരി വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് (പട്ടിക 2 പ്രകാരമുള്ള നിരക്കിൽ). എന്നാൽ, ഡി & ഒ ലൈസൻസിനുള്ള പല അപേക്ഷകളിലും സ്ഥാപനത്തിന്റെ ശരാശരി വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ല.(ഉദാഹരണം- ലൈസൻസ് നം 1, 2, 6, 7, 9, 12, 506, 646, etc) മാത്രമല്ല പല സ്ഥാപനങ്ങളിൽ നിന്നും ടി പട്ടിക അനുസരിച്ചുള്ള നിരക്കിലല്ല ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. (ഉദാഹരണം- ലൈസൻസ് നം 86/2017-18, സി പി ബാവ ഫ്യുവൽസ്- പെട്രോൾ പമ്പ്- വിറ്റ് വരവ് രേഖപ്പെടുത്തിയിട്ടില്ല. ദിവസേനയുള്ള ശരാശരി വിറ്റു വരവ് ഒരു ലക്ഷത്തിൽ കൂടുതലായിരിക്കും എങ്കിലും 4000/-രൂപയ്ക്ക് പകരം 2000/- രൂപയാണ് ലൈസൻസ് ഫീ ഈടാക്കിയിരിക്കുന്നത്). കൃത്യമായ വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(5) ഡി & ഒ ലൈസൻസ് രജിസ്റ്റർ സൂക്ഷിക്കുന്നതിലും വരവ് രേഖപ്പെടുത്തുന്നതിലും സാരമായ അപാകതകൾ ഉള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്ത് പരിധിയിൽ ഡി & ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നിയമങ്ങൾക്കും ചട്ടങ്ങൾക്കും എതിരാണ്.കൂടാതെ നിയമാനുസൃതമായി പഞ്ചായത്തിന് ലഭ്യമാകേണ്ട വരുമാനത്തിലും കുറവുണ്ടാകുന്നു. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും അപാകതകൾ പരിഹരിക്കുന്നതിന് മുൻകൈ എടുക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആയതിനായി സ്ഥലപരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടതും ലിസ്റ്റ് പരിശോധനയ്ക്കായി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

2-2 തൊഴിൽ നികുതി-അപാകതകൾ

1. ജീവനക്കാരുടെ തൊഴിൽ നികുതി

പൂർണ്ണമായ സ്ഥാപന ലിസ്റ്റുകൾ തയ്യാറാക്കി സൂക്ഷിക്കുകയോ, ലിസ്റ്റിലെ ക്രമ പ്രകാരം രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. മുൻവർഷങ്ങളിൽ നികുതി അടച്ചതും പുതിയ സ്ഥാപനങ്ങളും അടക്കം എല്ലാ സ്ഥാപനങ്ങളും നികുതി അടയ്ക്കുന്നുണ്ടോ എന്ന് പരിശോധിയ്ക്കുകയോ ഉറപ്പാക്കുകയോ ചെയ്യുന്നില്ല. രജിസ്റ്ററിൽ രേഖപ്പെടുത്തിയ തൊഴിൽ നികുതി ധനകാര്യ പത്രികയിലെ വരവുമായി റീകൺസൈൽ ചെയ്ത് കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

2. സ്ഥാപന തൊഴിൽ നികുതി

ട്രേഡേർസിന്റെ സ്ഥാപനലിസ്റ്റും ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപനലിസ്റ്റും പ്രത്യേകം സൂക്ഷിച്ച് അതു പ്രകാരം സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തയ്യാറാക്കി ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ, ബാലൻസ് എന്നിവയുമായി റീകൺസൈൽ ചെയ്യുന്നില്ല. ആയതിനാൽ ഡി സി ബി-യുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനായി സ്ഥാപനങ്ങൾക്ക് റിക്വിസിഷൻ നൽകുന്നില്ല. അടയ്ക്കുന്ന സ്ഥാപനങ്ങളുടെ നികുതി മാത്രം ഡി & ഒ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു. മുൻവർഷങ്ങളിൽ നികുതി അടച്ചതും പുതിയ സ്ഥാപനങ്ങളും അടക്കം എല്ലാ സ്ഥാപനങ്ങളും നികുതി അടയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയോ ഉറപ്പാക്കുകയോ ചെയ്യുന്നില്ല. കുടിശ്ശിക സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിക്കുകയോ നികുതി അടച്ച വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല.

3. മുൻ വർഷങ്ങളിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കിയ സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി പിരിക്കാത്തതായി കണ്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം
1	NECT പബ്ലിക്ക് സ്കൂൾ ചെറുവട്ടൂർ
2	റോയൽ സ്കൂൾ ഓഫ് ഹിയറിങ്ങ്
3	മുളവൂർ അർബൻ കോപ്പറേറ്റീവ് സൊസൈറ്റി കനാൽപാലം ബ്രാഞ്ച്.
4	സ്കൂൾ ഓഫ് നഴ്സിങ്ങ്, MBNI ഹോസ്പിറ്റൽ
5	തൃക്കാരിയൂർ ക്ഷീരോല്പാദക സഹകരണ സംഘം
6	ഇരമല്ലൂർ ക്ഷീരോല്പാദക സഹകരണ സംഘം
7	SMI മോട്ടോർസ്
8	റാഡോ ടയേർസ് ലിമിറ്റഡ്
9	ഓജസ് ബിൽഡേർസ് നെല്ലിക്കുഴി
10	ചെറുവട്ടൂർ റൂറൽ കോപ്പറേറ്റീവ് ബാങ്ക്
11	ഫുഡ് പാക്ക്സ് ഓഫ് ഇൻഡിയാന, തൃക്കാരിയൂർ
12	മുവാറ്റുപുഴ അർബൻ കോപ്പറേറ്റീവ് ബാങ്ക്, നെല്ലിക്കുഴി

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. ഡി & ഒ ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുന്നില്ല. പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ഥിര, താല്ക്കാലിക, ദിവസ, കരാർ വേതനക്കാരിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്ത എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി അടവാക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്രമനം	ഡി & ഒ ലൈസൻസ്	സ്ഥാപനത്തിന്റെ പേര്/തരം	ജീവനക്കാരുടെ എണ്ണം
1	4	എബിൻ ഇൻഡസ്ട്രീസ്	9
2	5	ഷാൻ ടിംബർ ഇൻഡസ്ട്രീസ്	15
3	8	അറഫ് പ്ലൈവുഡ്സ്	30
4	16	സോമിൽ & ഫർണിച്ചർ	7
5	17	കെ ആർ ഇൻഡസ്ട്രീസ്	8
6	79	റോയൽ പാക്ക്സ് ഇൻഡസ്ട്രീസ്	19
7	80	റോയൽ ഓഫ് സെറ്റ്	6
8	124	സിന്നമൺ ബേക്കറി	6
9	165	ഗ്ലോബൽ വിനിയേഴ്സ് & പ്ലൈ	18
10	180	നന്ദനം സാനിറ്ററീസ്	18
11	265	ഗ്രീൻമാന്റ് മോഡേൺ പ്ലൈവുഡ്	35

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. ഓഫിസ്, കെ.എസ്.ഇ.ബി. ഓഫിസ്, റേഷൻ കടകൾ, കള്ള് ഷോപ്പുകൾ, ടൂട്ടോറിയൽ സ്ഥാപനങ്ങൾ, കമ്പ്യൂട്ടർ സെന്ററുകൾ, മറ്റു സേവന സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല. ഈ സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബഡ്സ് സ്കൂൾ, നഴ്സറി സ്കൂൾ എന്നിവിടങ്ങളിലെ ജീവനക്കാർ കരാർ/ദിവസ വേതനക്കാർ, പഞ്ചായത്ത് ഡ്രൈവർ എന്നിവരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഈ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

7. ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുന്നതിനായി സ്ഥാപന മേധാവികൾ സമർപ്പിക്കുന്ന പല ലിസ്റ്റുകളിലും ജീവനക്കാരുടെ എല്ലാ വരുമാനവും രേഖപ്പെടുത്തുകയോ, എല്ലാ ജീവനക്കാരേയും ഉൾപ്പെടുത്തുകയോ ചെയ്യുന്നില്ല. (ഉദാ. ഗ്രീൻ വാലി പബ്ളിക് സ്കൂൾ, അൽ അമീൻ പബ്ളിക് സ്കൂൾ, ബ്ളോസം ഇന്റർനാഷണൽ സ്കൂൾ, വിൻ പ്ലൈവുഡ്, മിനി മത്തുറ്റ്, സുപ്രിയ ഓട്ടോമൊബൈൽസ്, ഹൈറേഞ്ച് പ്ലൈവുഡ്, തോട്ടത്തിങ്കടി പ്ലൈവുഡ് എന്നീ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ തൊഴിൽ നികുതി കൂടുതലായും ഏറ്റവും കുറഞ്ഞ നിരക്കായ 120, 180 നിരക്കുകളിലാണ് അടവാക്കിയിരിക്കുന്നത്. കൽപന മാച്ച് ഇൻഡസ്ട്രീസ്, ബ്രദേർസ് മാർബിൾസ്, കാർമൽ മാർബിൾസ് എന്നീ സ്ഥാപനങ്ങളിലെ ഓഫിസ് ജീവനക്കാരുടെ നികുതി മാത്രമാണ് അടവാക്കിയിരിക്കുന്നത്.) ഈ സ്ഥാപനങ്ങളുടെ സ്ഥാപന മേധാവികൾ നൽകിയ ലിസ്റ്റുകൾ പൂർണ്ണമാണെന്നും ജീവനക്കാരുടെ എല്ലാ വരുമാനവും രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതും അതിന്റെ കൃത്യത പരിശോധിക്കേണ്ടതുമാണ്.

8. മേൽ വസ്തുതകളിൽ നിന്നും നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി പിരിവ് കാര്യക്ഷമമായിട്ടല്ല നടക്കുന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതും നികുതി പിരിവും ആഭ്യന്തരനിയന്ത്രണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആയതിനായി സ്ഥലപരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടതും ലിസ്റ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

2-3 വസ്തുനികുതി നിർണ്ണയം - അപാകതകൾ

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രം പ്രസ്തുത കെട്ടിടത്തിന്റെ അതാത് വിഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ ആകെ വാർഷിക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതിൻ പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒരുമിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്.

തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് ഭരണസമിതി 07/12/2011ൽ ചേർന്ന സാധാരണ യോഗത്തിലെ വസ്തുനികുതി പരിഷ്കരണത്തിനുള്ള തീരുമാന നമ്പർ 1(2) പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 40 രൂപയായും വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും നിരക്ക് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ, നികുതിനിർണ്ണയ രേഖകൾ പരിശോധിച്ചതിൽ ഒരേ വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള ഒരു കെട്ടിടം വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവക്ക് ബാധകമായ ഉയർന്ന നിരക്ക് (ചതുരശ്ര മീറ്ററിന് 50 രൂപ) ഈടാക്കുന്നതിന് പകരം 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 40 രൂപ നിരക്കിലുമാണ് നികുതി ഈടാക്കുകയും ചെയ്തിരിക്കുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചത് മൂലം നികുതിയിനത്തിൽ കുറവ് വന്നതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

വാർഡ് നം,/കെട്ടിട നം.	കെട്ടിട ഉടമ	വിസ്തൃതി (പ്ലിന്ത് ഏരിയ ച. മീ.)	ഈടാക്കിയ നികുതി 40 രൂപ നിരക്കിൽ (വർദ്ധനവ്-ഇളവ് ഉൾപ്പെടെ)
III/28A	എ ബി അബ്ദുൾഖാദർ	21.93	1106
III/28B		78.37	3951
III/28C		89.57	4515
V/600A	സണ്ണി	58.41	2945
V/600B		58.41	2945
XII/485E	ആമിന	46.30	2335
XII/485F		22.77	1148
XII/485G		46.30	2335
XIII/241B	സജിത്ത് അലി	83.50	4209
XIII/241C		83.51	4210
XIII/241D		89.02	4263
XIII/241E		89.02	4263
XIX/632A	എം എസ് സണ്ണി	53.46	2471
XIX/632B		53.46	2471
II/599C	റ്റി എം ഹരീഷ്	82.50	4158

III/252D	സാറാമ്മ ജേക്കബ്	50.15	2529
III/252E		95.26	4803
III/252F		86.23	4347
III/650A	കെ എം മുഹമ്മദ്	33.39	1684
III/650B		35.14	1772
III/650C		17.64	890
III/650D		15.94	805
III/650E		17.40	878
III/650F		31.88	1608
III/27A	എ ബി അബ്ദുൾഖാദർ	76.28	3846
II/27B		86.45	4358
II/27C		28.12	1418
III/176B	എം എം അബ്ദുൾകരീം	95.79	4426
III/176C		57.94	2678
III/176D		57.94	2678
II/572 F	അബിൻ ബാബു	60.98	3075
II/572 G		60.98	3075
II/572 H		76.77	3870
II/572 J		86.65	4368
II/572 K		40.46	2041
III/255 A	ഇൽയാസ്	20.3	1024
III/255 B		98.89	4985
III/255 C		90.7	4572
III/255 D		62.6	3156
III/255 E		74.83	3772
III/255 F		21.99	1055
III/255 G		80.62	3861
III/255 H		41.85	2005
III/255 J		83.39	3994
III/255 K		71.8	3439
III/255 L		87.71	4209
III/255 M		24.67	1183
III/423A	ഏലിയാമ്മ	59.25	2987
III/423B		59.25	2838
III/432A	ഫൈസൽ എൻ കെ	49.07	2474
III/432B		45.29	2283
III/432C		17.35	803
III/432D		25.39	1174
III/432AE		131.03	6055
III/432F		86.99	4020
III/496 B	പി വി സുരേഷ്	93.3	4469
III/496 C		46.65	2352
III/496 D		46.66	2352
IV/ 601 A	റെജി	55.15	2317
IV/ 601 B		55.15	2317
IV/ 601 C		28.15	1183

VII/474 A	ആലി പിള്ള	16.93	854
VII/474 B		85	4284
VII/474 C		18.56	891
VII/474 D		97.36	4660
X/99 B	യൂസഫ്	72	2723
X/99 C		84	3530
X/150 A	സനീർ മംഗലത്ത്	24.29	919
X/150 B		60.81	2300
X/150 C		81.76	3092
X/150 D		22.94	868
XII/185 C	എ എം ഇബ്രാഹിം	59.72	3011
XII/185 D		59.72	3011
XII/300 A	സിദ്ധിക്ക്	86.5	4360
XII/300 B		54.22	2734
XII/300 C		91.46	4611
XII/300 D		91.46	4611
XII/300 E		21.18	1068
XII/300 F		16.8	848
XII/300 G		58.51	2803
XII/300 H		95.75	4586
XII/300 K		95.75	4586
XII/300 L		25.47	1221
XII/300 M		77.17	3696
XII/300 P		84.54	4049
XII/300 N		45.47	2178
XII/300 Q		81.39	3898
XII/300 R		90.79	4349
XIII/254 C	ഐഷ ഇബ്രാഹിം	37.26	1785
XIII/254 D		171.41	10260
XIII/281 A	ജിബിൻ സി എം	94.44	3646
XIII/281 B		97.16	3673
XV/117 G	അബൂബക്കർ	61.33	2694
XV/117 H		94.37	4144
XVI/199 A	അലിയാർ മകൻ ജമാൽ	22.28	1031
XVI/199 B		21.85	1011
XVI/199 C		38.77	1792
XVI/199 D		31.48	1456
XVII/574 B	അഷറഫ്	20.9	966
XVII/574 C		22.14	1024
XVII/574 D		22.25	1028
XVII/574 E		18	832
XVII/622 G	സുകുമാരൻ ഭാര്യ പൊന്നമ്മ	69.51	3053
XVII/622 H		85.99	3775
XVII/622 I		55.54	2567
XVII/622 J		32.47	1501
XVII/622 K		42.93	1984

XVII/622 L		35.29	1550
XVII/622 M		42.93	1885
XVIII/194 A	അബ്ദുൾ ഖാദർ	78.5	3627
XVIII/194 B		50.38	2328
XVIII/194 C		16.14	747
XVIII/194 D		19.82	917
XVIII/194 E		31.17	1441
XVIII/194 F		21.2	980
XVIII/194 G		21.25	982
XVIII/194 H		85.14	3935
XVIII/194 I		39.556	1737
XIX/218 D	പരീക്കുട്ടി	21.06	974
XIX/218 E		21.06	974
XIX/218 F		21.06	974
XIX/218 H		21.06	974
XX/628 A	അബ്ദുൾ അസീസ് -റെജീന	19.46	900
XX/628 B		19.46	900
XX/628 C		19.46	900
XX/628 D		19.46	900
XX/628 E		16.15	679
XX/628 F		16.15	679
XX/628 G		27.69	1164
XX/628 H		16.15	679
XX/628 I		16.15	679
XXI/397 A	ബാവ ഒ എം	54.12	2502
XXI/397 B		91.12	4211
XXI/459 B	ഹസ്സൻ മകൻ നിസാർ	39.76	1897
XXI/459 E		69.12	2323

മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടേയും സമാനമായ രീതിയിൽ മുൻ വർഷങ്ങളിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചത് മൂലം, വസ്തുനികുതിയിൽ കുറവ് വന്നതും പരിശോധിച്ച് വസ്തു നികുതി പുനർ നിർണ്ണയിച്ച് കുറവു വന്ന തുക കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

2-4 അൺ-എയ്ഡഡ് സ്കൂൾ കെട്ടിടങ്ങൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 01/06/2007ലെ 2427/07 സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാൻ എൽ. എസ്. ജി. ഡി. എൻജിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 19/08/97ലെ 84/97/PW&T സർക്കാർ ഉത്തരവ് പ്രകാരം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ഹൈസ്കൂളുകൾക്ക് 1000 രൂപയും, യു പി സ്കൂളുകൾക്ക് 300 രൂപയും, എൽ. പി സ്കൂളുകൾക്ക് 200 രൂപയുമാണ് ഫീസ്. നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന അൺ-എയ്ഡഡ് സ്കൂളുകളുടെ കെട്ടിടങ്ങൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല.

ക്രമ നമ്പർ	**സ്കൂളിന്റെ പേര്**	**വിഭാഗം**
1	ഗ്രീൻവാലി പബ്ലിക് സ്കൂൾ, നെല്ലിക്കുഴി	ഹൈസ്കൂൾ
2	അൽ അമീൻ പബ്ലിക് സ്കൂൾ, നെല്ലിക്കുഴി	ഹൈസ്കൂൾ

3	ബ്ലോസം ഇന്റർനാഷണൽ സ്കൂൾ, നെല്ലിക്കുഴി	ഹൈസ്കൂൾ
4	എൻ.ഇ.സി.റ്റി. പബ്ലിക് സ്കൂൾ, ചെറുവട്ടൂർ	ഹൈസ്കൂൾ

അനിവാര്യ ചുമതലകൾക്ക് പുറമെ പഞ്ചായത്തുകളുടെ പ്രവർത്തനം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും, നിർദ്ദേശങ്ങളും പാലിക്കുക എന്നത് പഞ്ചായത്തുകളുടെ ഉത്തരവാദിത്തമാണ്. എന്നാൽ, സ്കൂൾസുരക്ഷയുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച ഉത്തരവ് നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടില്ല. 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഈ അപാകത ശ്രദ്ധയിൽപെടുത്തിയിരുന്നുവെങ്കിലും നടപടി ഉണ്ടായിട്ടില്ല. ആയതിനാൽ, ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ അൺ-എയ്ഡഡ് സ്കൂളുകളുടേയും കെട്ടിടങ്ങൾ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 മഴക്കാല പൂർവ്വ ശുചീകരണം- ചെലവ് രേഖകൾ ഹാജരാക്കിയില്ല

നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ 21 വാർഡുകളിലേക്കായി, മഴക്കാലപൂർവ്വ ശുചീകരണത്തിനായി വൗച്ചർ നമ്പർ 21700285 തീ 12-6-17 പ്രകാരം 118398/- രൂപയും(ചെക്ക് നം 571052 തീ 12-6-17) വൗച്ചർ നം 21700472 തീ 19-8-17 പ്രകാരം 603490/- രൂപയും(ചെക്ക് നം 571163 തീ 19-8-17) കൂടി ആകെ 721888/-രൂപ തനത് ഫണ്ടിൽ നിന്നുംചെലവഴിച്ചതായി കാണുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല. ശുചിത്വ മിഷനിൽ നിന്ന് ലഭിച്ച തുകയുടെ വിശദാംശങ്ങൾ അടക്കം തുകയുടെ വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(2/25.1.19) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. അതിനാൽ ഈയിനത്തിലെ ചെലവ് 721888/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

3-2 ചെലവുരേഖകൾ ഹാജരാക്കിയില്ല, മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കിയില്ല- തടസ്സം 309508/- രൂപ

1.

പ്രോജക്ട് നമ്പർ	41/18, (ക്യാൻസർ പകർച്ചവ്യാധി പ്രതിരോധം)
നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
അടങ്കൽ തുക	300000 രൂപ
ചെലവ്	270832രൂപ, ബിൽ നം 7/17-18, 19-1-18(100000 രൂപ) ബിൽ നം 9/17-18,22-2-18(150000 രൂപ), ബിൽ നം 12/17-18, 22-3-18 (150000 രൂപ)

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു

ഈ പ്രോജക്ടിനായി 270832രൂപ ചെലവഴിച്ചുവെങ്കിലും 234277രൂപയുടെ ചെലവുരേഖകൾ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. 36555രൂപയുടെ ചെലവുരേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 36555 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2.

പ്രോജക്ട് നം-	39/18,വൃദ്ധ ജനപരിപാലനം ചെറുവട്ടൂർ

	പി.എച്ച്.സിയിൽ ജെറിയാട്രിക്ക് ക്ലിനിക്കിന് അടിസ്ഥാന സൗകര്യം ഒരുക്കൽ
നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി
അടങ്കൽ	401483രൂപ
ചെലവ്:	401483രൂപ, ബിൽ നം 2/17-18, 30-6-17

1)മേൽ പറഞ്ഞ പ്രോജക്ടിലേക്കായി 401483രൂപ ചെലവഴിച്ചുവെങ്കിലും 386590 രൂപയുടെ ചെലവുരേഖകൾ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. 14893രൂപയുടെ ചെലവുരേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 14893 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2)ജെറിയാട്രിക്ക് ക്ലിനിക്കിന് അടിസ്ഥാന സൗകര്യം ഒരുക്കൽ പദ്ധതിയിലേക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കാൻ 296990രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നല്കിയെങ്കിലും നാളിതുവരെ 38930രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ 258060 രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ (centrifuge 8 well-16628രൂപ, hematologyanalyser-241440രൂപ)ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 258060 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3) മേൽ പറഞ്ഞ പദ്ധതിയിലേക്കായി വാങ്ങിയ മെഡിക്കൽ ഉപകരണങ്ങൾ(38930 രൂപ), ഫർണിച്ചറുകൾ (41450രൂപ), വ്യായാമ ഉപകരണങ്ങൾ(48150രൂപ) എന്നിവ സ്റ്റോക്കിലെടുത്തിട്ടില്ല

മേൽ പറഞ്ഞ പ്രോജക്ടിലെ അപാകതകൾ ചൂണ്ടിക്കാട്ടി 29-1-19 ൽ നല്കിയ എൻക്വയറി നം 19 ന് മറുപടി ലഭ്യമാക്കിയില്ല. മെഡിക്കൽ ഉപകരണങ്ങൾ, ഫർണിച്ചറുകൾ, വ്യായാമ ഉപകരണങ്ങൾ എന്നിവ സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-3 ടെക്ക്നിക്കൽ അസിസ്റ്റന്റിന് ലീവ് എൻക്യാഷ് മെന്റ് ഇനത്തിൽ അധിക തുക നൽകി

പഞ്ചായത്തിലെ കരാർ ജീവനക്കാരനായ ടെക്ക്നിക്കൽ അസിസ്റ്റന്റിന് 30 ദിവസത്തെ ലീവ് എൻക്യാഷ്മെന്റ് ഇനത്തിൽ വൗച്ചർ നം 217001259 തീ 28-3-18 പ്രകാരം 21000/- രൂപ (ചെക്ക് നം 571699 തീ 28.3.18) നൽകിയതായി കാണുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ 05.1.2018 ലെ തസ്വഭവ-ഐബി1/344/2016-തസ്വഭവ കത്ത് പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റിന് മുൻകാല അവധി ക്രെഡിറ്റിലില്ലാത്ത പക്ഷം ഒരു വർഷം 15 ദിവസത്തെ അവധി മാത്രമാണ് എൻക്യാഷ്മെന്റ് അനുവദിക്കാവുന്നത് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/29.1.19) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധികമായി നൽകിയ 10500/- ഓഡിറ്റ് നിരാകരിക്കുന്നു.

3-4 രേഖകൾ ഹാജരാക്കിയില്ല

നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വൗച്ചർ നം 21700490 തീ 21-8-17 പ്രകാരം 40500/- രൂപ ടി വി ആനന്ദ്, ജെ എസ് -ന്റെ ട്രാൻസ്ഫർ അഡ്വാൻസ് റീഫണ്ട് എന്ന ഇനത്തിൽ കൊന്നത്തടി പഞ്ചായത്തിലേക്ക് നൽകുന്നതിനായി ചെലവഴിച്ചതായി കാണുന്നു. (ചെക്ക് നം 571170 തീ 22.8.18) ഈ തുക ടി വി ആനന്ദ്, ജെ. എസ്. പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ വിശദാംശങ്ങളും രേഖകളും ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ ചെലവായ 40500/- രൂപ തടസ്സപ്പെടുത്തുന്നു.

2. വൗച്ചർ നം 217001022 തീ 7-1-18 പ്രകാരം 15100/-(ചെക്ക് നം 571170 തീ 22.8.18) രൂപ ബഡ്സ് സ്കൂൾ ബസിന് ടയർ വാങ്ങുന്നതിനായി ചെലവഴിച്ചതായി കാണുന്നു. കൊട്ടേഷൻ നടപടിക്രമങ്ങളും ടാക്സ്

ഇൻവോയ്സും പരിശോധനയ്ക്കായി ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/29.1.19) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ ചെലവായ 15100/- രൂപ തടസ്സപ്പെടുത്തുന്നു.

3-5 മരാമത്ത് പ്രവൃത്തികൾ നടത്തിപ്പിലെ അപാകതകൾ.

ഗ്രാമപഞ്ചായത്തിൽ 2017-18ൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, ടെണ്ടർ അംഗീകരിക്കപ്പെടുന്ന കരാറുകാർക്ക് അയക്കുന്ന സെലക്ഷൻ നോട്ടീസുകളിൽ ഒരെണ്ണത്തിൽപോലും തീയതി രേഖപ്പെടുത്തുന്നില്ല. കൂടാതെ സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത് അയക്കുന്ന സാഹചര്യത്തിൽ നോട്ടീസ് രജിസ്റ്റർ ചെയ്യുന്ന തീയതി ഫയലിൽ എഴുതി സൂക്ഷിക്കാറില്ല. കൂടാതെ കരാറുകാർ നോട്ടീസ് കൈപ്പറ്റുന്ന തീയതിയും രേഖപ്പെടുത്താറില്ല. ആയതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ഇപ്രകാരം തീയതി രേഖപ്പെടുത്താത്തതുമൂലം സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാത്തവരിൽ നിന്നും ഫൈൻ ഈടാക്കുവാനും സാധിക്കുന്നില്ല. വർക്ക് ഓർഡർ നൽകുന്ന സമയത്ത് പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് രേഖപ്പെടുത്താറില്ല. തൻമൂലം നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുവാനും സാധിക്കുന്നില്ല.

പ്രോജക്ട് നമ്പർ 138/18, അട്ടാവ് മുനിയറ റോഡ്, മേക്കരകുടി കണ്ണംകുളം റോഡ് റീടാറിംഗ് പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ, അസിസ്റ്റന്റ് എഞ്ചിനീയറുമായി 23/AE/ നമ്പറായി എഗ്രിമെന്റ് വെച്ചിട്ടുള്ളത് 13.9.2017 ൽ ആണ്. എന്നാൽ ഈ മുദ്രപ്പത്രം 23.10.2016ൽ വാങ്ങിയിട്ടുള്ളതും മുൻവർഷങ്ങളിൽ മറ്റേതോ പ്രവൃത്തിക്കായി സമർപ്പിച്ച ടെണ്ടറിനോടൊപ്പം പ്രിലിമിനറി എഗ്രിമെന്റായി സമർപ്പിക്കപ്പെട്ടതുമാണ് എന്ന് വ്യക്തമാണ്. ഇതിന്റെ മുകൾ വശത്ത് പ്രിലിമിനറി എഗ്രിമെന്റ് എന്നെഴുതിയത് ബ്ലെയ്ഡ് കൊണ്ട് ചുരണ്ടി മായ്ച്ചത് വ്യക്തമായി കാണാവുന്നതാണ്. ഇത്തരം പ്രവണത അംഗീകരിക്കാനാവാത്തതും ക്രമക്കേടിന് വഴിവെക്കുന്നതുമാണ്. മേൽ സൂചിപ്പിച്ച വിധത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (4/25.1.19) മറുപടി ലഭ്യമാക്കിയില്ല.

3-6 എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ.

1. പ്രോജക്ട് നമ്പർ- 251/18

സെക്രട്ടറി നടപ്പിലാക്കിയ, നെല്ലിക്കുഴി സൗന്ദര്യവൽക്കരണം- എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ട് അനുസരിച്ച് കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി കാസർഗോഡ് എന്ന സ്ഥാപനത്തിൽ നിന്നും 200എണ്ണം 45വാട്ട് ഓട്ടോമാറ്റിക്ക് സ്ട്രീറ്റ് ലൈറ്റുകൾ, ഫിറ്റിംഗ്, ഇൻസ്റ്റലേഷൻ ചാർജ് എന്നിവയുൾപ്പെടെ 834600രൂപ നിർണ്ണയിച്ച് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ബിൽ നമ്പർ 29/17-18,13.3.18 പ്രകാരം 350000രൂപ പിൻവലിച്ച് ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ എത്രയെണ്ണം സ്ഥാപിച്ചു എന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച വിവരങ്ങൾ ഫയലിനോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തനത് ഫണ്ടാണ് ഈ പ്രോജക്ടിനായി വകയിരുത്തിയിട്ടുള്ളത്. എന്നാൽ ഇതിന് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതായി കാണുന്നു. ഇപ്രകാരം തുക നൽകിയപ്പോൾ വരുമാന നികുതി സെക്ഷൻ 194സി പ്രകാരം വരുമാന നികുതി (2%) കുറവ് ചെയ്തിട്ടില്ല. തൻമൂലം വരുമാന നികുതിയിനത്തിൽ 7000 രൂപയുടെ നഷ്ടവും സംഭവിച്ചിട്ടുണ്ട്. ഈ തുക ഈടാക്കി ഒടുക്ക് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ചവിധം സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ഈയിനത്തിലെ **350000**രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. പ്രോജക്ട്- 12/18

എൽ.ഇ.ഡി/സി.എഫ്.എൽ തെരുവ് വിളക്ക് സ്ഥാപിക്കൽ

അടങ്കൽ - 295000 ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്

305600 തനത് ഫണ്ട്.

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി കാസർഗോഡ് എന്ന സ്ഥാപനത്തിൽ നിന്നും 24വാട്ട് ഓട്ടോമാറ്റിക്ക് എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ, ഫിറ്റിംഗ്, ഇൻസ്റ്റലേഷൻ ചാർജ് എന്നിവയുൾപ്പെടെ 187എണ്ണം വാങ്ങുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ബിൽ നമ്പർ 27/17-18,13.3.18 പ്രകാരം 565301രൂപ പിൻവലിച്ച് ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ എത്രയെണ്ണം സ്ഥാപിച്ചു എന്നത് സംബന്ധിച്ച വിവരങ്ങൾ ഫയലിനോടൊപ്പം ഇല്ല. കൂടാതെ പ്രോജക്ട് റിവൈസ് ചെയ്യാതെ മുഴുവൻ തുകയും ഫിനാൻസ് കമ്മീഷൻ ഗ്രാന്റിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. ഇപ്രകാരം തുക നൽകിയപ്പോൾ വരുമാന നികുതി സെക്ഷൻ 194 സി പ്രകാരം വരുമാന നികുതി (2%) കുറവ് ചെയ്തിട്ടില്ല. തൻമൂലം വരുമാന നികുതിയിനത്തിൽ 11306 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ തുക ഈടാക്കി ഒടുക്ക് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ പ്രോജക്ട് റിവൈസ് ചെയ്യാതെ തനത് ഫണ്ടിന് പകരം വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻകുയറിക്ക് (7/25.1.19) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ചവിധം സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ഈയിനത്തിലെ ആകെ ചെലവ് 915301, (350000+565301) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-7 പ്രൈസ് സോഫ്റ്റ്വെയർ ഉപയോഗിച്ച് നിരക്ക് നിശ്ചയിച്ചതിലെ അപാകത മൂലം ഉയർന്ന നിരക്ക് നൽകി.

മരാമത്ത് പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്വെയർ ഉപയോഗിച്ച് നിരക്ക് നിശ്ചയിച്ചതിലെ അപാകത മൂലം ഉയർന്ന നിരക്ക് നൽകി.

ഗ്രാമപഞ്ചായത്തിൽ 2017-18ൽ കരാറുകാർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾക്ക് മോർഡ് സ്പെസിഫിക്കേഷൻ അനുസരിച്ച് കോൺട്രാക്ടേഴ്സ് പ്രോഫിറ്റ്, ഓവർഹെഡ് ചാർജ് എന്നിവ സഹിതം നിരക്ക് നിർണ്ണയിച്ചപ്പോൾ, കോൺട്രാക്ടേഴ്സ് പ്രോഫിറ്റിന്റെ 10% കൂടി നിരക്കിൽ അധികമായി ഉൾപ്പെട്ടതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

പ്രോജക്ട്- 161/18

പള്ളിപ്പടി കൊട്ടച്ചിറ ലിഫ്റ്റ് റോഡ് ടാറിംഗ്, പള്ളിപ്പടി ഉദയം കവല റോഡ് ഐറിഷ് ഡ്രെയിൻ.

വെറ്റ് മിക്സ് മെക്കാഡം, 2016ലെ DSR നിരക്ക് പ്രകാരം അടിസ്ഥാന നിരക്ക് 1810.78/m^3 ഇതിനോടൊപ്പം CPOH20% കൂട്ടുമ്പോൾ (362.15), 2172.93രൂപയും, 49.02% കോസ്റ്റ് ഇൻഡക്സും ചേർത്ത് 3217.70/m^3 നിശ്ചയിക്കുന്നതിന് പകരം 3235.70/m^3 നിരക്ക് നിശ്ചയിച്ചതായി കാണുന്നു. ഇപ്രകാരം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ എല്ലാ മരാമത്ത് പ്രവൃത്തികളുടേയും നിരക്ക് നിശ്ചയിച്ചപ്പോൾ എല്ലായിനങ്ങൾക്കും അധിക നിരക്ക് നൽകിയിട്ടുണ്ട്. ഇപ്രകാരം പ്രൈസ് സോഫ്റ്റ്വെയറിലെ അപാകത ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (3/25.1.19) മറുപടി ലഭ്യമാക്കിയില്ല.

3-8 ടാറിംഗ് പ്രവൃത്തികളിൽ കാലിവീപ്പയുടെ വില ഈടാക്കുമ്പോൾ ജി.എസ്.ടി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ടാറിംഗ് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ ബിറ്റുമിൻ ഉൾപ്പെടുന്ന പ്രവൃത്തികളിൽ പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കാലിവീപ്പ പഞ്ചായത്തിൽ തിരികെ നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ അവയുടെ വില ഈടാക്കുന്നതോടൊപ്പം ജി.എസ്.ടി കൂടി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഇപ്രകാരം ജി.എസ്.ടി ഈടാക്കിയതായി കാണുന്നില്ല.

പ്രോജക്ട് നമ്പർ, പേര്	കരാറുകാരൻ	ഉപയോഗിച്ച ബിറ്റുമിൻ	കാലിവീപ്പ വില ഈടാക്കിയത്	ഈടാക്കേണ്ട ജി.എസ്.ടി	ബിൽ നമ്പർ, തീയതി

			@238	18%	
പള്ളിപ്പടി കോട്ടച്ചിറ ലിഫ്റ്റ് റോഡ്, 161/18	ലൈജു പോൾ	19ബാരൽ	4522	814	115/17-18,28.3.18, 553640
കൊല്ലപ്പിള്ളി പാടം റോഡ്, 229/18	എ.ആർ.ചെറിയാൻ	31	7378	1328	94/17-18,20.3.18, 559875
അട്ടാവ് മുനിയറ റോഡ് 138/18	എൻ.ബി.മൊയ്ദീൻ	22	5236	942	109/18, 28.3.18, 474671
ആകെ				3084	

മേൽ സൂചിപ്പിച്ചവിധം ജി.എസ്.ടി ഇനത്തിൽ കുറവ് വന്ന 3084 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻകുയറിക്ക് (5/25.1.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

3-9 പദ്ധതിച്ചെലവുകൾ പൂർണ്ണമായും സാംഖ്യ പ്രകാരമുള്ള ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ തൻവർഷത്തെ പദ്ധതിച്ചെലവുകൾ പരിശോധിച്ചതിൽ പല ചെലവുകളും സാംഖ്യ സോഫ്റ്റ്വെയർ പ്രകാരമുള്ള ചെലവ് പത്രികയിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ഉദാഹരണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രോജക്ട് 113/18, ഇരമല്ലൂർ റേഷൻകടപ്പടി കനാൽ റോഡ് റീടാറിംഗ് പ്രവൃത്തിക്കായി ചെക്ക് നമ്പർ 2291113/7.12.17പ്രകാരം 487840രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ ചെലവ്, ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. മേൽ അപാകത പരിഹരിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (6/25.1.19) മറുപടി ലഭ്യമാക്കിയില്ല.

3-10 ഡെപ്പോസിറ്റ് വർക്കുകൾക്ക് സെന്റേജ് ചാർജ് അധികം നൽകി

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ, താഴെ പറയുന്ന പ്രോജക്ടുകൾക്ക് സെന്റേജ് ചാർജ്ജ് അധികം നൽകിയിട്ടുണ്ട്.

.

ക്രമ നമ്പർ	പ്രോജക്ട്	എസ്റ്റിമേറ്റ് തുക സെന്റേജ് ചാർജ്ജില്ലാതെ	സെന്റേജ് ചാർജ് അനുവദിച്ചത് 12.5%	സെന്റേജ് ചാർജ് അനുവദനീയം 10%	അധികം നൽകിയ തുക	ബിൽ നമ്പർ തീയതി	തുക
1	53/18 വിവിധ അങ്കണവാടികളിൽ വൈദ്യുതിയും വാട്ടർ കണക്ഷനും	32109.80	4013.73	3211	803	21/17-18, 18.11.17	37000
2.	18/18, ഇടനാട് ഐ.സി.ഡി.പി സെന്റർ വൈദ്യുതീകരണം	55630.10	6953.76	5563	1391		63000
3	9/18,വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ	436097.60	54512	43610	10902	32/17-18/ 13.3.18	500000
ആകെ					13096		

സർക്കാർ ഉത്തരവ് പ്രകാരം വാട്ടർ അതോറിട്ടി/പി.ഡബ്ല്യു.ഡി എന്നിവയുമായി തദ്ദേശസ്ഥാപനങ്ങൾ നടത്തുന്ന ഡെപ്പോസിറ്റ് വർക്കുകളിൽ 2.5% സെന്റേജ് ചാർജ് നൽകേണ്ടതില്ല. ആയതിനാൽ ഈയിനത്തിൽ അനുവദനീയമായതിനേക്കാൾ കൂടുതലായി നൽകിയ 13096രൂപ തുടർന്നുള്ള പ്രവൃത്തികളിൽ ക്രമപ്പെടുത്തുകയോ തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻകയറിക്ക് (9/25.1.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

3-11 ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ-14/18

സർക്കാർ ഉത്തരവ് (ആർ.ടി)618/10 ത.സ്വ.ഭ.വ.24.2.2010 പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും നിർബന്ധമായും ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും അനുവദിച്ച ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് 15.10.2010നകം ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത രജിസ്റ്റർ തയ്യാറാക്കുന്നതിന് വേണ്ടി തനത് ഫണ്ടിൽ നിന്നും 9070 രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ചെലവ് തുകയുടെ രസീതോ, വൗച്ചറുകളോ മറ്റ് അനുബന്ധ രേഖകളോ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. കൂടാതെ ഈ ചെലവ് സംബന്ധിച്ച വിവരങ്ങൾ ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സാംഖ്യ സോഫ്റ്റ്വെയർ പ്രകാരമുള്ള ചെലവ് പത്രികയിൽ മാത്രമാണ് തനത് ഫണ്ടിൽ നിന്നുള്ള ഈ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ചെലവിനാധാരമായ ചെക്ക് നമ്പർ/തീയതി എന്നിവ പരിശോധിച്ച് ബോധ്യപ്പെടുവാൻ സാധിച്ചിട്ടില്ല. പ്രസ്തുത രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ എൻകയറിക്ക് (10/25.1.19) മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 9070 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-12 ഐ.കെ.എം-ന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ-അപാകതകൾ.

പ്രോജക്ട് നമ്പർ -1/18

അടങ്കൽ -60400/-

ബിൽ നമ്പർ- 1/17-18/21.8.17 -60388

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ ഈ പ്രോജക്ട് പ്രകാരം 60388 രൂപ ഐ.കെ.എം-ന് നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 24.7.14ലെ G4-16393/13 കത്ത് പ്രകാരം കമ്പ്യൂട്ടർവത്കരണത്തിന്റെ ഭാഗമായി ഐ.കെ.എമ്മിന് നൽകിയിട്ടുള്ള തുക വിനിയോഗിച്ചത് സംബന്ധിച്ച് വിനിയോഗ രേഖകൾ പഞ്ചായത്തുകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്. ഈയിനത്തിൽ ഐ.കെ.എം - പഞ്ചായത്തിനും തിരിച്ചും തുക നൽകുവാനുണ്ടെങ്കിൽ ആയത് സംബന്ധിച്ച (വിനിയോഗം/ തിരിച്ച് നൽകിയത്/ ക്രമീകരിച്ചത്) വിശദ വിവരം വാങ്ങി സൂക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-13 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ വിവരം ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾക്കായി വാട്ടർ അതോറിട്ടി/ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ സെക്ഷൻ എന്നിവയ്ക്ക് മുൻകൂറായി പണം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ -	ബിൽ നമ്പർ	നൽകിയ തുക	സ്ഥാപനം	പരാമർശം
1	53/18 വിവിധ അങ്കണവാടികളിൽ വൈദ്യുതിയും വാട്ടർകണക്ഷനും	21/17-18, 18.11.17	37000	പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ സെക്ഷൻ	പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്റിംഗ് റിപ്പോർട്ട്എന്നിവയില്ല.

2	18/18, ഇടനാട് ഐ.സി.ഡി.പി സെന്റർ വൈദ്യുതീകരണം	--	63000	പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ സെക്ഷൻ	പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്റിംഗ് റിപ്പോർട്ട്എന്നിവയില്ല.
3.	9/18, വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ	32/17-18/ 13.3.18	500000	കേരള വാട്ടർ അതോറിട്ടി	പൂർത്തീകരണ സാക്ഷ്യപത്രമില്ല.
4	19/18, വിവിധ അങ്കണവാടികളുടെ മെയിന്റനൻസ്- പി.ഡബ്ല്യു.ഡിക്ക് തുക കൈമാറൽ	18/17-18,21.10.17	520000	പി.ഡബ്ല്യു.ഡി കെട്ടിട വിഭാഗം	പൂർത്തീകരണ സാക്ഷ്യപത്രമില്ല.
ആകെ			1120000		

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 11,20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-14 മൊബൈൽ ഗ്യാസ് ക്രിമറ്റോറിയം സമുദായ സംഘടനയ്ക്ക് നൽകിയത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം.

പ്രോജക്ട്. 52/18, ബിൽ നമ്പർ 3/17-18,27.8.17 -360000

ബിൽ നമ്പർ17/17-18, 11.10.17-4104

മൊബൈൽ ഗ്യാസ് ക്രിമറ്റോറിയം- എന്ന സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ട് 2016-17-ൽ 127/17നമ്പറായി തയ്യാറാക്കി 17-18-ൽ 52/18 -നമ്പറായി നടപ്പിലാക്കപ്പെട്ടതുമാണ്. എന്നാൽ ഈ പ്രോജക്ടിന്റെ പകർപ്പ് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. മൊബൈൽ ക്രിമറ്റോറിയം വാങ്ങി സാമുദായിക സന്നദ്ധ സംഘങ്ങളെ ഏൽപ്പിക്കുന്നു എന്നും സ്വന്തമായി ഭൂമിയില്ലാത്ത പാവപ്പെട്ടവരുടെ ശവദാഹ പ്രവൃത്തികൾ നടപ്പിലാക്കുന്നു എന്നുമാണ് ഭൗതികനേട്ടമായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് പ്രകാരം കുറഞ്ഞ ടെണ്ടർ സമർപ്പിച്ച എൻ.എൻ.എഞ്ചിനീയറിംഗ്, കളമശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും ഒരു മൊബൈൽ ക്രിമറ്റോറിയം 360000 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. ആയത് എൻ.എസ്.എസ് താലൂക്ക് യൂണിയന്റെ കീഴിലുള്ള രജിസ്റ്റർ നമ്പർ 1737 ദേശസേവിനി കരയോഗം പ്രസിഡന്റ് ശ്രീ. ടി.പി. രാജൻ നായരുമായി എഗ്രിമെന്റ് വെച്ച് കൈമാറിയിട്ടുണ്ട്. കൂടാതെ ഒരു ശവദാഹത്തിന് 6000 രൂപ വാടക നിരക്കിൽ നടത്തുന്നതാണെന്നും ക്രിമറ്റോറിയത്തിന്റെ ചെറിയ അറ്റകുറ്റപ്പണികൾ സംഘം നടത്തുന്നതാണെന്നും വലിയ അറ്റകുറ്റപ്പണികൾ പഞ്ചായത്ത് നടത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുപോലെ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 4 ഗ്യാസ് സിലിണ്ടർ കണക്ഷൻ 4104രൂപ ചെലവിൽ എടുത്ത് സംഘത്തിന് കൈമാറിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്) 80/17,തസ്വഭവ, 3.4.18 ഖണ്ഡിക 2.2 പ്രകാരം പദ്ധതി മാർഗ്ഗരേഖയിൽ പറഞ്ഞിട്ടില്ലാത്ത ഇനത്തിന് പണം ചെലവഴിക്കുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതി ആവശ്യമാണ്. ഇപ്രകാരം മുൻകൂർ അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 14/29.1.19 നമ്പർ എൻകയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കൂടാതെ ക്രിമറ്റോറിയത്തിന്റെ വിലയായി 360000 രൂപ എൻ.എൻ. എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന് നൽകിയപ്പോൾ വരുമാന നികുതി സെക്ഷൻ 194സി അനുസരിച്ചുള്ള നികുതി ഈടാക്കിയതായി കാണുന്നില്ല. വരുമാന നികുതിയിനത്തിൽ 7200 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച് 364104 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-15 കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 2017-18 ൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ 306305 രൂപ ഈടാക്കി ഒടുക്ക് വരുത്തിയിട്ടുണ്ട്. 1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ആകെ പ്രവൃത്തിമൂല്യത്തിന്റെ 1% ബന്ധപ്പെട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം ഒടുക്കുന്ന തുകയുടെ 1% കളക്ഷൻ ചാർജായി അതാത് തദ്ദേശ സ്ഥാപനങ്ങൾക്ക്

ഈടാക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം കളക്ഷൻ ചാർജ് ഈടാക്കിയതായി കാണുന്നില്ല. മേൽ സൂചിപ്പിച്ചവിധം തൻവർഷത്തെ കളക്ഷൻ ചാർജിനത്തിൽ ലഭിക്കുമായിരുന്ന തുക 3063രൂപ ബന്ധപ്പെട്ട വെൽഫെയർ ഫണ്ട് ബോർഡിൽനിന്നും തിരികെ ഈടാക്കുകയോ തുടർന്നുള്ള വർഷങ്ങളിൽ ക്രമപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3-16 തനത് ഫണ്ട് -ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ട് സൂക്ഷിക്കുന്നതിന് നിലവിൽ 5 അക്കൗണ്ടുകൾ സൂക്ഷിച്ചുവരുന്നു. സർക്കുലർ നമ്പർ 58725/FM3/2008/തസ്വഭവ, തീയതി 28.5.2011 പ്രകാരം തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമെ ഒരു ദേശസാൽകൃത/സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണ്. കൂടാതെ ഇ-പേയ്മെന്റിനായി എസ്.ബി.ഐയിൽ ഒരു അക്കൗണ്ട് തുടങ്ങാവുന്നതാണ്. എന്നാൽ ഇതിന് വിരുദ്ധമായി തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ആകെ 5 അക്കൗണ്ടുകൾ നിലവിലുള്ളതായി കാണുന്നു. തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ട്രഷറി അക്കൗണ്ട് കൂടാതെ മേൽ സൂചിപ്പിച്ചവിധം മറ്റ് രണ്ട് ബാങ്ക് അക്കൗണ്ടുകൾ കൂടി നിലനിർത്തിക്കൊണ്ട് മറ്റ് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-17 സാംസ്കാരികനിലയം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല

നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ലെബ്രറി രസീത് ബുക്ക് പരിശോധിച്ചതിൽ നിന്ന് 12.10 2014 -ന് ശേഷം ലെബ്രറിയിൽ ഇതുവരെ യാതൊരു പണപിരിവും ഉണ്ടായിട്ടില്ല എന്ന് കാണുന്നു. വൗച്ചർ നം 21701558 തീ 31-3-18 പ്രകാരം 50000/- രൂപ പുസ്തകം വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. 3 വർഷത്തിലധികമായി ആരും മെമ്പർഷിപ്പ് പുതുക്കുകയോ, ആരും പുതുതായി മെമ്പർഷിപ്പ് എടുക്കുകയോ ചെയ്തിട്ടില്ല എന്ന് ഇത് വ്യക്തമാക്കുന്നു. ലൈബ്രറി ബൈലോ ഹാജരാക്കേണ്ടതും 3865 പുസ്തകങ്ങൾ ഉള്ള ലൈബ്രറി ഉപയോഗ്യശൂന്യമായി കിടക്കുകയാണെങ്കിൽ അതിനുള്ള വിശദീകരണം നൽകേണ്ടതുമാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ലൈബ്രറി പ്രവർത്തനം ഊർജിതമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ക്രമ നമ്പർ	വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
1.	ബ്ലോക്ക് പഞ്ചായത്ത്	2017-18	669500	അങ്കണവാടി കെട്ടിട നിർമ്മാണം	00	669500
2	ബ്ലോക്ക് പഞ്ചായത്ത്	2017-18	500000	അങ്കണവാടി കെട്ടിട നിർമ്മാണം	324488	175512
3	ബ്ലോക്ക് പഞ്ചായത്ത്	2017-18	1900042	ലൈഫ് ഭവനപദ്ധതി	00	1900042
4	ബ്ലോക്ക് പഞ്ചായത്ത്	2017-18	400000	ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്	400000	00
5	ബ്ലോക്ക് പഞ്ചായത്ത്	2017-18	110000	ക്ഷീരകർഷകർക്ക് ഇൻസെന്റീവ്	110000	00
6	ജില്ലാ പഞ്ചായത്ത്	2017-18	400000	ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള	400000	00

				സ്കോളർഷിപ്പ്		
7	ജില്ലാ പഞ്ചായത്ത്	2017-18	425000	സമഗ്ര നെൽകൃഷി വികസനം	425000	00

.

4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ക്രമ നമ്പർ	സ്ഥാപനം	പ്രവൃത്തിയുടെ പേര്	ബിൽ നമ്പർ	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ബാലൻസ്
1	പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ സെക്ഷൻ	53/18 വിവിധ അങ്കണവാടികളിൽ വൈദ്യുതിയും വാട്ടർകണക്ഷനും	21/17-18, 18.11.17	37000	00	37000
2	പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ സെക്ഷൻ	18/18, ഇടനാട് ഐ.സി.ഡി.പി സെന്റർ വൈദ്യുതീകരണം	14/11/17	63000	00	63000
3.	കേരള വാട്ടർ അതോറിട്ടി	9/18, വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ	32/17-18/ 13.3.18	500000	00	500000
4.	പി.ഡബ്ല്യു.ഡി കെട്ടിട വിഭാഗം	19/18, വിവിധ അങ്കണവാടികളുടെ മെയിന്റനൻസ്- പി.ഡബ്ല്യു.ഡിക്ക് തുക കൈമാറൽ	18/17-18, 21.10.17	520000	00	520000

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ / വായ്പ തിരിച്ചടവ്

വായ്പയുടെ പേര് ഉദ്ദേശ്യം	ഉത്തരവ് നം. തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക	വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക.
EMS ഭവനപദ്ധതി	GO(MS) 78/2010/ LSGD തീയതി 8/3/2010	15729000	2934834	1500000	1434834

4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 270/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:-

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ തീയതി
2012-13	2-1	270	ജോസ്മിൻ ജെ. വടക്കേൽ, ലൈബ്രേറിയൻ മാർ ബസേലിയസ് കോളേജ്	117020101571, 26.4.17

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	90420067
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	96780935
വരവിനങ്ങളിലുള്ള നഷ്ടം	--
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	10500
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	3131367

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-3	--	10500	എസ്.മനോജ്, സെക്രട്ടറി
ആകെ	**--**	**10500**	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	721888	അഭിനി.കെ.ഇ, മെഡിക്കൽ ഓഫീസർ
3-2	309508	അഭിനി.കെ.ഇ, മെഡിക്കൽ ഓഫീസർ
3-4	55600	എസ്.മനോജ്, സെക്രട്ടറി
3-6	915301	എസ്.മനോജ്, സെക്രട്ടറി

3-11	9070	എസ്.മനോജ്, സെക്രട്ടറി
3-13	1120000	എസ്.മനോജ്, സെക്രട്ടറി
ആകെ	**3131367**	

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ
3-6	18306	ശ്രീ.എസ്.മനോജ്, സെക്രട്ടറി
3-8	3084	ശ്രീമതി. ജെസ്ന കെ. മുഹമ്മദ്, അസിസ്റ്റന്റ് എഞ്ചിനീയർ
3-14	7200	ശ്രീ. എസ്.മനോജ്, സെക്രട്ടറി

(ഡി.) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
എസ്.മനോജ് സെക്രട്ടറി	സെക്രട്ടറി നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്	അനുപമ, പുല്ലുവഴിപി.ഒ കീഴില്ലം
അഭിനി.കെ.ഇ. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	മെഡിക്കൽ ഓഫീസർ, നെല്ലിക്കുഴി പി.എച്ച്.സി.	തട്ടുപറമ്പിൽ ഹൗസ് ചെറുവട്ടൂർപി.ഒ കോതമംഗലം

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1996-97	LFE(P1)717/1998dt.13.1.1999
1997-98	LFE(P1)1583/1999dt.14.6.2000
1998-99	LFE(P1)1106/2001dt.24.6.2002
1999-00	LFE(P1)689/2002dt.09.12.2002
2000-01	LFE(P1)1334/2002dt.7.5.2004
2003-04	LFE(P1)1315/2010dt.-11.01.2012
2004-05	LFE(P1)1316/2010 dt.-11.01.2012
2006-07	LFE(P1)1521/2010dt.02.12.2011
2007-08	LFE(P7)1118/2012dt.24.7.2012
2008-09	LFE(P7)1118/2012dt.24.7.2012
2009-10	LFE(P7)1118/2012dt.24.7.2012
2010-11	LFE(P7)1118/2012dt.24.7.2012

2011-12	LFE(P1)1319/2014dt.4.10.2014
2012-13	LFE(P1)1319/2014dt.4.10.2014
2013-14	KSA-EKM(P7)962/16dt.24.6.2016
2014-15	
2015-16	KSA-EKM(P7)2200/2016dt.31.01.2017
2016-17	KSA-EKM(P7)/1854/17/18.11.17

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

.

അനുബന്ധം - 1

ഓഡിറ്റ് സർട്ടിഫിക്കറ്റ് 2017-18

നം.കെ.എസ്.എ.-ഇ.കെ.എം.(പി7)153/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

..

കാക്കനാട്, എറണാകുളം
ഫോൺ 0484 2422271
ഇ മെയിൽ – doekm.ksad@kerala.gov.in
തീയതി 19.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തുനികുതിസംബന്ധിച്ച് സഞ്ചയ പ്രകാരമുള്ള കണക്കുകൾ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കണക്കുമായി പൊരുത്തപ്പെടുന്നില്ല.

2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. കാലാവധി കഴിഞ്ഞ ചെക്കുകൾ റീ വാലിഡേറ്റ് ചെയ്യുകയോ, സ്റ്റേൽ ചെക്കായി വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്